# മൈക്രോ എന്റർപ്രൈസ്

**ജില്ലകളിൽ ആദ്യ ക്വാർട്ടറിൽ (മെയ്, ജൂൺ, ജൂലൈ–2019) നടത്തേണ്ട പ്രവർത്തനങ്ങൾ**

**1.ഉപജീവന ക്യാമ്പെയിൻ**

**ഡാറ്റാ കളക്ഷൻ-** ബി.പി.എൽ കുടുംബം, ആശ്രയ കുടുംബം, പട്ടികജാതി, തീരദേശ അയൽക്കൂട്ട കുടുംബങ്ങൾ, പി.ഡബ്യൃ.ഡി , വിധവകൾ, അതിക്രമങ്ങൾക്ക് ഇരയായവർ, ബഡ്സ് തുടങ്ങി വൾനറബിൾ വിഭാഗത്തിൽപെടുന്ന എല്ലാ കുടുംബങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുകയും (എം.ഇ.സി മാർ വഴി) ഇതിൽ നിന്ന് സംരംഭങ്ങൾ തുടങ്ങാനും പരിശീലനം നേടാനും താൽപര്യമുള്ളവരെ കണ്ടുപിടിച്ച് ഓറിയന്റേഷൻ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുക

**2.മൊബൈൽ ആപ്പ് രജിസ്ട്രേഷൻ/സർട്ടിഫിക്കേഷൻ**

- സി.ഡി.എസ്സ് കളിലെ മുഴുവൻ സംരംഭങ്ങളും (സർവ്വീസ് സെക്ടർ ഉൾപ്പെടെ) മൊബൈൽ ആപ്പിൽ രജിസ്റ്റർ ചെയ്ത് ജിയോ ടാഗിംഗ് നടത്തി എന്ന് ഉറപ്പുവരുത്തുക. സിക്ക് എം.ഇ യൂണിറ്റുകളുടെ വിവരങ്ങൾ അപ് ഡേറ്റ് ചെയ്യുക.
- എല്ലാ യൂണിറ്റുകൾക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുക. സർട്ടിഫിക്കറ്റുകളിൽ മൊബൈൽ ആപ്പിൽ നിന്നും ലഭിക്കുന്ന യു.ഐ.ഡി രേഖപ്പെടുത്തുക. യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ കവറുകളിലും യു.ഐ.ഡി രേഖപ്പെടുത്തുക.

**3.മാസ വരുമാനം രേഖപ്പെടുത്തലും വിലയിരുത്തലും**

- എല്ലാ യൂണിറ്റുകളുടേയും മാസവരുമാനം (ഏപ്രിൽ 2017 മുതൽ) മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുക. (ഏപ്രിൽ 2017, മെയ് 2017 എന്ന രീതിയിൽ ഓരോ മാസത്തേയും വേർതിരിച്ച്)
- കഴിഞ്ഞ രണ്ടു വർഷത്തെ 2017-18, 2018-19 വാർഷിക വരുമാനം വിലയിരുത്തി യൂണിറ്റുകളെ തരം തിരിക്കുക. വരുമാനം കുറഞ്ഞ യൂണിറ്റുകളുടെ യോഗം വിളിച്ച് വരുമാനം കുറയുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുക. ജില്ലാ മിഷന്റെ സഹായത്തോടെ ടി യൂണിറ്റുകളെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- യൂണിറ്റുകളുടെ മാസവരുമാനം അതാത് മാസം വിലയിരുത്തി റിപ്പോർട്ട് ജില്ലാമിഷനും , ജില്ലാമിഷൻ ക്രോഡീകരിച്ച് സംസ്ഥാനമിഷനും സമർപ്പിക്കുക.

**4.യൂണിറ്റുകളുടെ ഗ്രേഡിംഗ്**

- എല്ലാ യൂണിറ്റുകളുടേയും ഗ്രേഡിംഗ് പൂർത്തീകരിക്കുക.
- ഗ്രേഡിംഗ് നടത്തുന്നതിനുള്ള ചെക്ക് ലിസ്റ്റ് സംസ്ഥാനമിഷനിൽ നിന്നും ഏപ്രിൽ 30 നകം അയച്ചു തരുന്നതാണ്.
- ആദ്യഘട്ടത്തിൽ യൂണിറ്റുകളുടെ വരുമാനം, മേളകൾ/മാസചന്തകൾ തുടങ്ങിവയിലുള്ള പങ്കാളിത്തം എന്നിവ അനുസരിച്ചായിരിക്കും യൂണിറ്റുകളെ എ,ബി,സി എന്നിങ്ങനെ ഗ്രേഡ് ചെയ്യുന്നത്.
- ഗ്രേഡിംഗ് പൂർത്തീകരിച്ച് റിപ്പോർട്ട് ജൂലായ് 25 ന് സംസ്ഥാനമിഷനിൽ ലഭ്യമാക്കേണ്ടതാണ്.

**5.കുടുംബശ്രീ കഫെ**

ബ്ലോക്കിലെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന (ഏറ്റവും കുറഞ്ഞത്) രണ്ടു കുടുംബശ്രീ കഫെ കണ്ടെത്തുക, ഇവയുടെ നിലവിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ മാറ്റുക. ഹൈവേ അല്ലെങ്കിൽ എം സി റോഡിനോട് ചേർന്ന് പ്രവർത്തിക്കുന്നതെങ്കിൽ കൂടുതൽ നല്ലത്. മൂന്ന് കൊല്ലമായി നല്ലരീതിയിൽ പ്രവർത്തിക്കുന്നതായിരിക്കണം കുടുംബശ്രീയുടെ നേതൃതത്തിൽ  നല്ല രീതിയിൽ പ്രവൃത്തിച്ചുവരുന്ന കുടുംബശ്രീ കഫെ യൂണിറ്റുകളുടെ വിവരങ്ങൾ എം ഇ മൊബൈൽ ആപ്പിൽ നിന്നും എടുക്കുക .

**6.മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്**

ജില്ലയിൽ എല്ലാ എം.ഇ.സി.മാരെയും വിളിച്ചു ചേർത്ത് സിഡിഎസ്, യൂണിറ്റ് അലോട്ട് ചെയ്യേണ്ടതാണ്. 25.4.19

പുതുതായി തിരഞ്ഞെടുക്കപ്പെട്ട മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്മാരുടെ ട്രെയിനിങ് ഓഫ് ട്രെയിനേഴ്സ് (TOT) കൊടുക്കുക. 2019 മെയ് മാസം അവസാനത്തോടെ പരിശീലനം പൂർത്തിയാക്കണം .

**7.റെയിൽവേ**

(1) പാർക്കിംഗ് മാനേജ്മന്റ് മൊബൈൽ ആപ്പ്

പാർക്കിംഗ് മാനേജ്മെന്റിനായി ഒരു പുതിയ മൊബൈൽ ആപ്പ് ഡെവലപ്പ് ചെയ്തിരുന്നു. തിരുവനതപുരത്ത് പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയിരുന്നു. ഇത് മറ്റു ജില്ലകളിലെ റെയിൽവേ പാർക്കിംഗ്കളിലും വ്യാപിപ്പിക്കണം. ആയതിലേക്കു റെയിൽവേ പാർക്കിംഗ് സ്റ്റാഫ്, സൂപ്പർവൈസർ, ബ്ലോക്ക് കോർഡിനേറ്റർ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ എന്നിവർക്കായി പരിശീലനം നൽകണം.

(2) റെയിൽവേ പ്ലാറ്റഫോം ട്രാക്ക് ക്ലീനിങ്

ഇതിനു ഒരു ഡാറ്റാ ബേസ് തയ്യാറാക്കണം റയിൽവേ സ്റ്റേഷനോട് ചേർന്ന് താമസിക്കുന്ന കുടുംബശ്രീ അംഗങ്ങളെ സലെക്ട് ചെയ്യുക. റെയിൽവേ സ്റ്റേഷനുകളിലെ പ്ലാറ്റഫോം വൃത്തിയാക്കുകയും, കൂടാതെ വരുന്ന പ്ലാസ്റ്റിക്, മറ്റു വേസ്റ്റ്റ്റുകൾ ശേഖരിച്ചു തരംതിരിക്കുക. ഒരു ദിവസം 510 രൂപ ലഭിക്കയും, ഇതിൽ ഇ സ് ഐ മറ്റും കുറച്ച് 410 രൂപ ലഭിക്കും.

(3) ഗ്രീൻബെറ്റീസ് കൗണ്ടർ

റെയിൽവേ സ്റ്റേഷനുകളിൽ സ്ഥലം നൽകും, വെജിറ്റബിൾ സ്ലൈസ്, ഫ്രൂട്ട് സാലഡ്, വെജിറ്റബിൾ സാലഡ്, കോഫി, ജ്യൂസ് എന്നിവ കൗണ്ടറിലൂടെ വിൽക്കുവാൻ സാധിക്കും.

**7.ഓഡിറ്റിംഗ്**

ബ്ലോക്ക് തലത്തിൽ എല്ലാ എം.ഇ. യൂണിറ്റുകളും ബുക്ക് കീപ്പിങ് നടത്തുന്നതായി അതാതു ബ്ലോക്ക് കോഓർഡിനേറ്റർ ഉറപ്പുവരുത്തണം. ബുക്ക് കീപ്പിങ് നടത്താത്ത യൂണിറ്റുകളിൽ എം ഇ ഓഡിറ്റ് ടീം മുഖാന്തിരം ആവിശ്യമായ ബുക്കുകൾ എത്തിക്കുകയും നിർബന്ധമായും ബുക്കുകൾ അപ്ഡേറ്റ് ചെയ്യുവാൻ അവശ്യപെടുകയും വേണം. ബ്ലോക്ക് തലത്തിൽ രൂപീകരിച്ച എം ഇ യൂണിറ്റുകൾ അതാതു സി ഡി എസ് കളിൽ രജിസ്ട്രർ ചെയ്തതായി ഉറപ്പു വരുത്തേണ്ടതാണ്.

**8.ARISE (Acquiring Resilience and Identity through Sustainable Employment)**

50,000 യുവതി / യുവാക്കൾക്ക് പത്തു മേഖലകളിൽ (ഹവ്സ് കീപ്പിങ്, ഹവ്സ് മേയിഡ്, പ്ലംബിംഗ്, ഇലക്ട്രോണിക് റിപ്പയർ, ഇലക്ട്രോണിക് വർക്സ്, ഡേ കെയർ, അഗ്രികൾചർ

ലേബർ, സയിൽസ്, ഡാറ്റാ എൻട്രി, ലോണ്ടറി ആൻഡ്  അയണിങ്)  തൊഴിൽ നൈപുണ്യ പരിശീലനം നൽകി, ജീവിത നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതി.

ബ്ലോക്ക് കോഓർഡിനേറ്റർമാർക്കു ARISE campaign  ബന്ധപ്പെട്ട വിവരങ്ങൾ കുടുംബശ്രീ വെബ്സൈറ്റിൽ നിന്ന് ( ഉദാ :  സ്കിൽ ട്രെയിനിങ് ഏജൻസി വിവരങ്ങൾ, സിലബസ്, ഓരോ ട്രെയിനിംഗ് ബന്ധപ്പെട്ട കോസ്ററ്) ലഭ്യമാക്കുന്നതാണ്.

1. പരിശീലനത്തിന് ഏറ്റവും അർഹരായ ആളുകളെ കണ്ടെത്തുന്നതിനായി ഒരു ക്യാമ്പെയിൻ സംഘടിപ്പിക്കേണ്ടതാണ്.  ഇതിൽ ഓരോ ബ്ലോക്ക്കളിലും സി.ഡി.എ സ്സ്കളിൽ നിന്ന് അർഹരായ ആൾക്കാരെ എം.ഇ.സി മുഖാന്തിരം ബ്ലോക്ക് കോ-ഓർഡിനേറ്റർ കണ്ടെത്തേണ്ടതാണ്.
2. പരിശീലനത്തിനായി സി.ഡി.എസ് ൽ രജിസ്റ്റർ ചെയ്തവർക്ക് പരിശീലനത്തിനു മുൻപ് മേഖല തിരിച്ച് മോട്ടിവേഷൻ ക്ലാസ്സ് നൽകേണ്ടതാണ്.  ജില്ലാമിഷനുകൾ ആണ് മോട്ടിവേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടത്.  എ.ഡി.എം.സി/ഡി.പി.എം(എം.ഇ), ബ്ലോക്ക് കോർഡിനേറ്റർ, എം.ഇ.സി, ഏജൻസി പ്രതിനിധികൾ തുടങ്ങിയവർ എറൈസ് പദ്ധതിയെ കുറിച്ചും, പരിശീലനത്തെ കുറിച്ചും, ജോലി സാധ്യതകളെ കുറിച്ചും വിവരിക്കേണ്ടതാണ്.
3. പരിശീലനം തുടങ്ങുന്നതിനുമുൻപ് എ.ഡി.എം.സി/ഡി.പി.എം(എം.ഇ) ബി.സി, എം.ഇ.സി എന്നിവർ ട്രെയിനിംഗ് സെന്റർ സന്ദർശിച്ച് ട്രെയിനിംഗ് നടത്താനുള്ള അടിസ്ഥാന സൗകര്യം, പ്രാക്ടിക്കൽ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സൗകര്യം, ഫാക്കൽറ്റി ക്വാളിഫിക്കേഷൻ എന്നിവ ഗൂഗിൾ ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്.
4. പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, ബ്ലോക്ക് കോ-ഓർഡിനേറ്റർ, ഡിപിഎം ന് നൽകുകയും, ആയതു ഡിഎംസി, എഡിഎംസി യുടെ അറിവോടെ എല്ലാ ആഴ്ചയും (വെള്ളിയാഴ്ച വൈകുനേരം 5 മണിക്ക് മുമ്പായി) കുടുംബശ്രീ വെബ്സസൈറ്റിലെ മോണിറ്ററിങ് ടേബിളിൽ  അപ്ഡേറ്റ് ചെയ്യണം.
5. മെയ് മാസത്തിലെ പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ തന്നെ പ്ലാൻ ചെയ്യേണ്ടതാണ്.  (ഉദാ: ഒരു ബാച്ചിൽ എത്ര അംഗങ്ങൾ, ഏജൻസി/എം.ഇ.സി) തുടങ്ങിയ വിവരങ്ങൾ പ്ലാൻ ചെയ്യേണ്ടതാണ്.
6. പരിശീലനം ആരംഭിച്ചശേഷം പരിശീലനത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡി.എം.സിയുടെ അംഗീകാരത്തോടെ, എ.ഡി.എം.സി (എം.ഇ) /ഡി.പി.എം/ബ്ലോക്ക് കോർഡിനേറ്റർ നേരിട്ട് സന്ദർശനം നടത്തേണ്ടതാണ്.

7. ഒരു മാസം 5 മുതൽ 10 വരെ പല മേഖലകളിലായി ബാച്ച് പ്ലാൻ ചെയ്യേണ്ടതാണ്. (ഉദാ: പ്ലംബിംഗ് -1 ബാച്ച്, ഇലക്ട്രോണിക് റിപ്പയർ-1 ബാച്ച്, ഇലക്ട്രോണിക് വർക്സ് - 1 ബാച്ച്)
8. ജില്ലയിലെ പോളിടെക്നിക്, ഐ.ടി.ഐ, എന്നിവിടങ്ങളിൽ വച്ച് പരിശീലനം നട ത്തുന്നതിനായി ആവശ്യമായ നടപടികൾ ഡി.എം.സി സ്വീകരിക്കേണ്ടതാണ്.
9. ഹൗസ് മെയിഡ്, ഡേ കെയർ, അഗ്രികൾചർ ലേബർ എന്നീ മേഖലയിൽ എം. ഇ.സിമാർക്കു പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിൽ ഡി.എം.സി യുടെ അംഗീകാര ത്തോടെ ഇവരെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.
10. പരിശീലനം പൂർത്തീകരിച്ചവർക്കു ജോലി ലഭ്യമാക്കുന്നതായി ഡിപ്പാർട്ട്മെന്റുകൾ, പഞ്ചായത്ത് എന്നിവിടങ്ങളിൽ ചർച്ച നടത്തേണ്ടതാണ്. ആയത് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡി.പി.എം മിനെ ചുമതലപ്പെടുത്തേണ്ടതാണ്.
11. പരിശീലനം പൂർത്തിയാക്കിയവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള സഹായങ്ങൾ നൽകേണ്ടതാണ്.
12. ബ്ലോക്ക് തലത്തിൽ പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ, അതിൽ സംരംഭങ്ങൾ തുടങ്ങിയവർ, മറ്റു ജോലി ലഭിച്ചവർ എന്നിവരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേ ണ്ടതാണ്. സംരംഭം തുടങ്ങാത്തവർ/ജോലി ലഭിക്കാത്തവർ എന്നിവരെ ട്രാക്ക് ചെയ്യേണ്ടതാണ്.

**9.ഇ-സേവാ കേന്ദ്രങ്ങൾ**

കേരളം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി സംയോജിച്ചുകൊണ്ട് കേരളത്തി ലൊട്ടാകെ 43 ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ഇ-സേവാ കേന്ദ്രങ്ങൾ ഡി.പി.എം നേരിട്ട് സന്ദർശനം നടത്തി താഴെ പറയുന്ന കാര്യങ്ങൾ നടത്തുന്നതായി ഉറപ്പു വരുത്തേണ്ടതാണ്.

1. ഓരോ ഇ-സേവാ കേന്ദ്രങ്ങളിലും കുടുംബശ്രീ അംഗങ്ങൾ ആണ് പ്രവർത്തിക്കുക എന്നതെന്നു ഉറപ്പുവരുത്തുക.
2. ഓരോ ഇ-സേവാ കേന്ദ്രത്തിലും മൂന്ന് അംഗങ്ങൾ വീതം ഉണ്ടെന്ന് ഉറപ്പുവരുത്തുക.
3. ഇ-സേവാ കേന്ദ്രങ്ങളിൽ ഓരോ സേവനങ്ങൾക്കും റേറ്റ് ബോർഡ് നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. കുടുംബശ്രീ പ്രവർത്തകർ റേറ്റ് ബോർഡിൽ പറഞ്ഞിട്ടുള്ള തുക യാണ് ഗുണഭോക്താക്കളിൽ നിന്നും വാങ്ങുന്നതെന്നു ഉറപ്പാക്കേണ്ടതാണ്.

**10.കൺവേർജെൻസ്**

എ.ഡി.എം.സി (എം.ഇ), ഡി പി എം ( എം ഇ ) , ഡി പി എം ( മാർക്കറ്റിംഗ് )എന്നിവർ ചർച്ച നടത്തി ജില്ലയിലെ സർക്കാർ കോളേജുകൾ , സർക്കാർ സ്ഥാപനങ്ങൾ , സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ കുടുംബശ്രീയുമായി സംയോജിച്ചു പ്രവൃത്തികയുവാൻ പറ്റുന്ന സാദ്ധ്യതകൾ കണ്ടെത്തി. ( ഉദാ : കാന്റീൻ , ഹെൽപ്പ് ഡെസ്ക്, കിയോസ്ക് ) തുടങ്ങേണ്ടതാണ്.

11.**ന്യൂട്രിമിക്സ്**

1. എല്ലാ ബ്ലോക്ക് കോർഡിനേറ്റർമാരും അവരുടെ ബ്ലോക്കിൽ ഉള്ള ന്യൂട്രിമിക്സ് യൂണിറ്റുകൾ സന്ദർശികയുകയും, നിലവിൽ യൂണിറ്റിലുള്ള സ്റ്റോക്ക് പരിശോദിച്ചു, ആയതിന്റെ റിപ്പോർട്ട് ഡി പി എം മുഖാന്തിരം ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.
2 ആദ്യത്തെ ക്വാട്ടർലെക്കുള്ള പ്രീമിക്സ് 20 .03 .2019 ന് ഡെലിവറി പോയിന്റിൽ എത്തിച്ചിട്ടുണ്ട്, ഇത് ഡെലിവറി പോയിന്റിൽ നിന്നും അതാത് യൂണിറ്റുകളിൽ എത്തിട്ടുണ്ടോ എന്ന് ബ്ലോക്ക് കോർഡിനേറ്റർസ് ഉറപ്പ് വരുത്തുക.
3. 01 .05 .2019 മുതൽ എല്ലാ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നും പ്രീമിക്സ് ഉൾപ്പെടുത്തിയ പാക്കറ്റുകൾ മാത്രമേ അംഗൻവാടികൾക്ക് നൽകുന്നുള്ളു എന്ന് ബ്ലോക്ക് കോഓർഡിനേറ്റർ ഉറപ്പ് വരുത്തേണ്ടതാണ്.
   പുതുക്കിയ കവർ ഡിസൈൻ ജില്ലാ മിഷനിൽ ലഭ്യമാക്കിട്ടുണ്ട് . പുതിയ കവർ പ്രിന്റ് ചെയ്യാത്ത പക്ഷം കവറിന്റെ പുറത്തു ഒട്ടിക്കയുന്നതിനായി പ്രീമിക്സ് സ്റ്റിക്കർ ഡിസൈൻ ജില്ലാമിഷനിൽ ലഭ്യമാക്കിട്ടുണ്ട്. പ്രീ മിക്സ് ഉൾപ്പെടുത്തി പ്രിന്റ് ചെയ്യാത്ത കവർകളിൽ പ്രീ മിക്സ് സ്റ്റിക്കർ ഒട്ടിച്ചിട്ടുള്ളതായി എല്ലാ ബ്ലോക്ക് കോർഡിനേറ്ററും ഉറപ്പ് വരുത്തേണ്ടതാണ്. സ്റ്റിക്കർ പ്രിന്റ് ചെയ്യുന്നതിന് വരുന്ന തുകയുടെ ബില്ല്, ഐ സി ഡി സ് സൂപ്പർവൈസറിനു നൽകേണ്ടതാണ്.
4. ജില്ലാ മിഷൻ കോർഡിനേറ്ററുടെ അനുവാദത്തോടെ, എ ഡി എം സി ( എം ഇ ) ഡി പി എം, ന്യൂട്രിമിസ് യൂണിറ്റിൽ നിന്നുള്ള പ്രതിനിധികൾ ( യൂണിറ്റ് പ്രസിഡന്റ് / സെക്രട്ടറി ) എന്നിവരെ ഉടപെടുത്തി മീറ്റിംഗ് സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യണം.

- എല്ലാ യൂണിറ്റും ഫോർട്ടിഫൈഡ് ന്യൂട്രിമിക്സ് മാത്രമേ 01 .05 . 2019 മുതൽ യൂണിറ്റുകളിൽ നിന്നും ലഭ്യമാക്കണമെന്നും, ആയതു ബ്ലെൻഡർ ഉപയോഗിച്ചു 20 മിനിറ്റ് മിക്സ് ചെയ്തു മാത്രം നിർമ്മിക്കണമെന്ന് നിഷ്കർശിച്ചിരിക്കണം.
- ബ്ലെൻഡർ ഉപയോഗികയാത്ത ഒരു യൂണിറ്റും പ്രീമിക്സ് ഉപയോഗിച്ചു ഫോർട്ടിഫൈഡ് ന്യൂട്രിമിക്സ് നിർമ്മികയുവാൻ പാടുള്ളതല്ല.
- ബ്ലെൻഡർ ഉപയോഗിച്ചാണ് ഫോർട്ടിഫൈഡ് ന്യൂട്രിമിസ് നിർമ്മിയ്ക്കുന്നതിന്നു ബ്ലോക്ക് കോർഡിനേറ്റർ നേരിട്ടു മനസ്സിലാക്കേണ്ടതാണ്.
- 100 കിലോ ന്യൂട്രിമിസ് പൗഡറിൽ + 650 ഗ്രാം പ്രീ മിക്സ് പൗടർ ഉൾപ്പെടുത്തി, 20 മിനിറ്റ് ബ്ലെൻഡ് ചെയ്താണ് ഫോർട്ടിഫൈഡ് ന്യൂട്രിമിക്സ് പൗഢർ നിർമ്മികയുമാണതെന്നു ഉറപ്പ് വരുത്തുക .
- നിലവിൽ നിർമ്മിച്ചതും , ഇനി നിർമ്മിക്കേണ്ടതുമായ ന്യൂട്രിമിസ് പൗഢറിന്റെ സ്റ്റോക്ക് ബ്ലോക്ക് കോഓർഡിനേറ്റർ രേഖപ്പെടുത്തുക. 01 .05 .2019 മുതൽ ഫോർട്ടിഫൈഡ് ന്യൂട്രിമിക്സ് മാത്രം യൂണിറ്റുകളിൽ നിന്ന് ലഭ്യമാക്കുന്നുള്ളു എന്ന് ജില്ലാ മിഷൻ കോഓർഡിനേറ്റർ ഉറപ്പ് വരുത്തേണ്ടതാണ് .
- എല്ലാ ന്യൂട്രിമിക്സ് യൂണിറ്റുകളും ജി സ് ടി രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതാണ് .
- എല്ലാ ന്യൂട്രിമിസ് യൂണിറ്റുകളും, പരിസരവും വ്യത്തിയായി സൂക്ഷിക്കയുന്നതായി ബ്ലോക്ക് കോഓർഡിനേറ്റർ ഉറപ്പ് വരുത്തേണ്ടതാണ്.
- പ്രീമിക്സ് സൂക്ഷിച്ചാണ് വച്ചിരിക്കയുന്നതെന്നും , ഒരിക്കൽ പൊട്ടിച്ചു പ്രീ മിക്സ് പാക്കറ്റ് ഒറ്റ തവണ മാത്രമേ ഉപയോഗികയുവാൻ പാടുള്ളു. ആയതു ബ്ലോക്ക് കോർഡിനേറ്റർസ് ഉറപ്പ് വരുത്തേണ്ടതാണ്.

**12.കൺസ്ട്രക്ഷൻ യൂണിറ്റ്**

ബ്ലോക്ക് തലത്തിൽ രൂപീകരിച്ച കൺസ്ട്രക്ഷൻ യൂണിറ്റുകൾ കണ്ടെത്തുക, ടി യൂണിറ്റുകൾ അതാത് സി ഡി സ് കളിൽ രജിസ്ട്രേഷൻ നടത്തിയതായി ബ്ലോക്ക് കോർഡിനേറ്റർസ് ഉറപ്പ് വരുത്തുക .

ബ്ലോക്ക് തലത്തിൽ രൂപീകരിച്ച ഓരോ യൂണിറ്റുകൾക്കും രണ്ടു വീട് ലഭിക്കുന്നതിനായി , പഞ്ചായത്ത് പ്രസിഡന്റ് , പഞ്ചായത്ത് സക്രെട്ടറി , ബി ഡി ഓ , വി ഇ ഓ , ഡിസ്ട്രിക്ട് ലൈഫ് മിഷൻ ഓഫീസർ തുടങ്ങിയവരുമായി ചർച്ച നടത്തി, ഓരോ കൺസ്ട്രക്ഷൻ

യൂണിറ്റിനും രണ്ടു വീടുകൾ വീതം ലഭ്യമാക്കി കൊടുക്കുക. വീട് ലഭിക്കാത്ത പക്ഷം തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട അംഗൻവാടികളുടെ നിർമാണം അല്ലെങ്കിൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ( ഒരു കൺസ്ട്രക്ഷൻ യൂണിറ്റ് 4 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ സർക്കാർ അംഗീകൃത കൺസ്ട്രക്ഷൻ യൂണിറ്റ് ആയി അംഗീകാരം ലഭിയ്ക്കുകയുള്ളൂ )

രണ്ടു വീടുകളുടെ നിർമ്മാണം , ഏപ്രിൽ തുടങ്ങുകയും , ജൂണിൽ അവസാനികുകയും ചെയ്യണം.

ജില്ലകളിൽ രൂപീകരിച്ച കൺസ്ട്രക്ഷൻ യൂണിറ്റുകളുടെ ഒരു പ്രൊഫൈലിലും, കൂടാതെ ഇവർ നിർമ്മിച്ച വീടിന്റെ ഫോട്ടോയും ലഭ്യമാകേണ്ടതുണ്ട്. ഇത് സർക്കാർ അംഗീകൃത കൺസ്ട്രക്ഷൻ യൂണിറ്റ് ആക്കുന്നതിനും ഉപയോഗപ്രദമായും ആയത്തിലേക്കയായി സംസ്ഥാന മിഷൻ ലഭ്യമാക്കുന്ന ഫോർമാറ്റിൽ വിവരങ്ങൾ ശേഖരിച്ചു , ഡി എം സി യുടെ അംഗീകാരത്തോടെ സംസ്ഥാനമിഷനിൽ സോഫ്റ്റ് കോപ്പിയും, ഹാർഡ് കോപ്പിയും ലഭ്യമാകേണ്ടതാണ്.

**13.നിർമ്മാണ സാമഗ്രി ഉത്പാദന യൂണിറ്റുകൾ**

ഭവന നിർമാണത്തിന് ഏറ്റവും ആവിശ്യമായ ഒന്നാണ് സിമന്റ് ബ്രിക്കുകൾ. ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ദിവസം ഏറ്റവും കുറഞ്ഞത് 1000 സോളിഡ് ബ്രിക്കുകൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാമെങ്കിൽ നിലവിൽ സർക്കാർ ഭവന നിർമ്മാണത്തിന് ആവിശ്യമായ സിമന്റ് ബ്രിക്കുകൾ നിർമ്മിക്കുവാനും ആയതു വഴി ഇവർക്ക് വരുമാന മാർഗ്ഗം ലഭ്യമാക്കാനും സാധിക്കും. . ആയതിലേക്കയായി താഴെ പറയുന്ന കാര്യങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്

1 . ബ്ലോക്കിൽ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകളെ കണ്ടെത്തുക.

2 . യൂണിറ്റിന്റെ ഉടമസ്ഥനുമായി സംസാരിച്ചു കുടുംബശ്രീ യൂണിറ്റിന് വാടകയ്ക്കയു നൽകുന്ന കാര്യങ്ങൾ സംസാരിക്കുക.

3 . യൂണിറ്റിലെ മെഷീൻ പ്രവർത്തനരഹിതമാണെങ്കിൽ, താത്കാലികമായി വാടകയ്ക്കു എടുക്കുവാൻ സാധിക്കുന്നതാണ്. യൂണിറ്റ് അംഗങ്ങൾക്ക് വാടക നൽകാൻ സാധിക്കുന്നില്ലെങ്കിൽ ഗുണഭോക്താവ് ബ്രിക്കുകൾ വാങ്ങിക്കുമ്പോൾ യൂണിറ്റിന് നൽകുന്ന തുകയിൽ ( 1 ബ്രിക്ക് 10 രൂപ) നിന്നും കുറച്ച് തുക ഉടമസ്ഥന് നൽകാവുന്നതാണ്.

**14.ഹർഷം**

- ഹർഷം  സാന്ത്വനം പദ്ധതിയ്ക്ക് താല്പര്യമുള്ള അംഗങ്ങളെ ബ്ലോക്ക് തലത്തിൽ കണ്ടെത്തി, ടീം രൂപീകരിച്ച്, പരിശീലനം നൽകുക. ആയതിന്റെ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും.
- ജില്ലാതലത്തിൽ പ്രവർത്തനം വ്യാപകമാക്കുന്നതിനും, കാൾ സെന്റർ, പ്രവർത്തന രീതി, എന്നിവയ്ക്കായി മോണിറ്ററിങ് മാർക്കറ്റിംഗ് ടീം എ.ഡി.എം.സി (എം.ഇ) രൂപീകരിക്കേണ്ടതാണ്.

ജില്ലാ മിഷനുകൾ തീരുമാനിക്കുംപ്രകാരം  പരിശീലനം ലഭിച്ച ടീമുകൾക്കോ, എം ഇ സി ഗ്രൂപ്പുകൾക്കോ സ്നേഹിതയ്ക്കോ ഏജൻസി രൂപത്തിൽ  ഈ പ്രവർത്തനം ഏറ്റെടുത്തു നടത്താവുന്നതാണ് . പരിശീലനം ലഭിച്ചവർക്ക് തൊഴിലവസരങ്ങൾ, സുരക്ഷിതത്വവും നല്കാൻ പ്രാപ്തമായ സംവിധാനം ആണ് ഉണ്ടാകേണ്ടത്. സംവിധാനത്തിൻറെ പ്രവർത്തനം മൂന്നു മാസം കൂടുമ്പോൾ വിലയിരുത്തുന്നതാണ്.

- നിലവിൽ പരിശീലനം പൂർത്തീകരിച്ച അംഗങ്ങളെ മോണിറ്ററിങ് ടീം വിളിച്ചു ഭാവി പ്രവർത്തനങ്ങൾ രൂപംകൊടുക്കേണ്ട ചുമതല എ.ഡി.എം.സി (എം.ഇ)യ്ക്കാണ്
- അയൽക്കൂട്ടാംഗങ്ങൾക്ക് വയോജന പരിപാലനത്തിൽ ബോധവൽക്കരണ ക്ലാസ് സി ഡി എസ്സുകളുടെ പ്രതിനിധ്യത്തോടെ ഷെഡ്യൂൾ ചെയ്തു ഹർഷം കെയർ ഗീവർമാർ വഴി നടപ്പിലാക്കേണ്ടതാണ്. ഇതിനായി പരിശീലനവും മൊഡ്യൂളും സ്റ്റേറ്റ് മിഷൻ ലഭ്യമാക്കുന്നതാണ്. ആയത് നടപ്പിലാക്കേണ്ട ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കാണ്.
- കെയർ ഹോം സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിന് പ്രവർത്തനങ്ങൾ നടത്തേണ്ട ചുമതല ഡി.എം.സി യ്ക്കാണ്

**15.ഹരിത കർമ്മസേന**

- ബ്ലോക്ക് തലത്തിൽ എം സി എഫ് /  ആർ ആർ എഫ് സംവിധാനം ലഭ്യമായ, യൂസർഫീ, വാർഡിൽ കുറഞ്ഞത് ശരാശരി 100 വീടെങ്കിലും ഉള്ള പഞ്ചായത്തുകൾ തിരഞ്ഞെടുക്കുക
- പ്രൊജക്റ്റ് തയ്യാറാക്കി ജില്ലാ സ്റ്റേറ്റ് മിഷനുകൾക്ക് സമർപ്പിക്കേണ്ടതാണ്. ആയതിന്റെ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും.

(ജനസാന്ദ്രത കൂടിയത്,ടൂറിസം വിനോദ സഞ്ചാര മേഖലകൾ എന്നിവയുള്ള സ്ഥലങ്ങൾക്ക് മുൻഗണന കൊടുക്കാവുന്നതാണ്)

- ബ്ലോക്കിൽ ഒരു മാതൃക ഹരിത കർമ്മ സേന പഞ്ചായത്ത് രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഇതിന്റെ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും.
- തിരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ജൂലൈ മാസത്തിനുള്ളിൽ ആദ്യഘട്ട പരിശീലനം (സേവന മേഖല ) നൽകുക . ആയതിന്റെ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും.
- ഒരു സംരംഭമെങ്കിലും രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുക . ആയതിന്റെ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും.

ഒരു ബ്ലോക്കിന് 50000 രൂപ സംരംഭ രൂപീകരണത്തിന് പ്ലാനിംഗ് ബോർഡ് വഴിയുള്ള ലൈവ്‌ലിഹുഡ് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനു ആവശ്യമായ പ്രൊജക്റ്റ് അതാത് ജില്ലാമിഷൻ തയ്യാറാക്കി സ്റ്റേറ്റ് മിഷനിൽ സമർപ്പിക്കേണ്ടതാണ്.

പ്രവർത്തനത്തിലൂടെ വരുമാനം ലഭ്യമായവരുടെ വിശദ വിവരങ്ങൾ , പ്രവർത്തനം, വാർഷിക വരുമാനം തുടങ്ങിയ വിശദ വിവരങ്ങൾ വർഷാന്ത്യത്തിൽ സമർപ്പിക്കേണ്ടതാണ്

NB:മേൽ പറഞ്ഞിട്ടുള്ള 15 പദ്ധതികളും നടപ്പിലാക്കുന്ന മുറയ്ക്ക് കൃത്യമായി ഡോക്യുമെന്റ് ചെയ്യാൻ ബ്ലോക്ക് കോ-ഓർഡിനേറ്റർ, ഡി.പി.എം എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ജൂലൈ അവസാനം പൂർത്തീകരിച്ച പദ്ധതികളുടെ റിപ്പോർട്ടുകൾ സ്റ്റേറ്റ് മിഷനിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ പദ്ധതി നടപ്പിലാക്കുമ്പോഴും ആവശ്യമായ ഫോട്ടോകളും റിപ്പോർട്ടുകളും എടുക്കുന്നതായി ജില്ലാമിഷൻ ടീം ഉറപ്പാക്കേണ്ടതാണ്.